LIBRARY ARCHIVES Kerala Legislative Assembly

സാഫ് ഗെയിംസ് കേരളത്തിൽ

15 (*315) ശ്രീ. സാജു പോൾ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സ് സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാഫ് ഗെയിംസ് കേരളം വേദിയാകുമോ ; സാഫ് ഗെയിംസ് അധികൃതരിൽ നിന്നും ഇക്കാര്യത്തിൽ ലഭിച്ച ഉറപ്പും കായികമന്ത്രാലയം നടത്തിയ തയ്യാറെടുപ്പുകളും സംബന്ധിച്ച് വിശദമാക്കാമോ ; ഏതൊക്കെ തീയതികളിലാണ് സാഫ് ഗെയിംസ് നടത്താനുദ്ദേശിക്കുന്നത് ; ഇതിനായുള്ള ചെലവുകൾ വഹിക്കുന്നത് ആരായിരിക്കും ;

(ബി) കഴക്കൂട്ടത്തെ ഗ്രീൻഫീൽഡ് സ്റ്റേഡിയം പൂർത്തിയായിട്ടുണ്ടോ, ഇല്ലെങ്കിൽ ഇത് സാഫ് ഗെയിംസ് വേദി സംസ്ഥാനത്തിന് നഷ്ടപ്പെടുത്താനിടയുണ്ടോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) കേരളത്തിൽവച്ച് സാഫ് ഗെയിംസ് നടത്തുന്നത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽനിന്നും അറിയിപ്പൊന്നും ഇതേവരെ ലഭിച്ചിട്ടില്ല.

സാഫ് ഗെയിംസ് കേരളത്തിൽ നടത്തണമെന്നാവശ്യപ്പെട്ട് സംസ്ഥാന കായികമന്ത്രി കേന്ദ്ര കായികമന്ത്രിക്ക് കത്തെഴുതിയിട്ടുണ്ട്. ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ ഭാരവാഹികൾ ബന്ധപ്പെട്ടിരുന്നു.

(ബി) കാര്യവട്ടത്തെ ഗ്രീൻഫീൽഡ് സ്റ്റേഡിയം, പുൽമൈതാനം ഉൾപ്പെടെ പൂർത്തിയായിട്ടുണ്ട്. മറ്റ് അനുബന്ധ പണികളെല്ലാം നാഷണൽ ഗെയിംസിനോടനുബന്ധിച്ച് തന്നെ പൂർത്തീകരിച്ചിട്ടുള്ളതിനാൽ സാഫ് ഗെയിംസ് ഉൾപ്പെടെയുള്ള അന്താരാഷ്ട്ര മത്സരങ്ങൾ സംഘടിപ്പിക്കാൻ സ്റ്റേഡിയം സജ്ജമാണ്.

വിഴിഞ്ഞം തുറമുഖ പദ്ധതി

16 (*316) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീമതി പി. അയിഷാപോറ്റി :
ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള ലാന്റ് ലോർഡ് മോഡലിൽ വിഴിഞ്ഞം തുറമുഖ പദ്ധതി വികസിപ്പിക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടായിരുന്നുവോ ; വിശദമാക്കാമോ ;

(ബി) പദ്ധതി പൂർണ്ണതോതിൽ സംസ്ഥാനത്തിന്റെ ഉടമസ്ഥതയിലായിരുന്നുവെങ്കിൽ വരുമാനവും ലാഭവും പൂർണ്ണമായും സർക്കാരിൽ വന്നുചേരുമായിരുന്നില്ലേ ; സർക്കാർ ഉടമസ്ഥതയിൽ പദ്ധതി നടപ്പിലാക്കാനാവശ്യമായ ലോക ബാങ്കുകളുടെ കൺസോർഷ്യംവഴി സമാഹരിക്കുന്നതിനായി ബാങ്കുകൾ സന്നദ്ധത അറിയിച്ചിട്ടുണ്ടായിരുന്നുവോ ;

(സി) സർക്കാർ ഉടമസ്ഥതയിൽ തുറമുഖം വികസിപ്പിക്കാനും അതിന്റെ ടെർമിനൽ ഉൾപ്പെടുന്ന പ്രവർത്തനങ്ങളിൽമാത്രം പി.പി.പി. മോഡലിൽ പങ്കാളിയെ കണ്ടെത്താനും പരിശ്രമം നടത്തുകയുണ്ടായോ ; പദ്ധതി പി.പി.പി. മോഡലിലേക്ക് മാറ്റാനും അദാനിമാത്രം പങ്കെടുത്ത ബിഡ്ഡിൽ തീരുമാനം എടുക്കാനും ഇതിനുമുമ്പ് അദാനിയുമായി ചർച്ച നടത്താൻ മുഖ്യമന്ത്രി ധൃതി കാണിക്കുകയും ചെയ്ത പശ്ചാത്തലം എന്തായിരുന്നു ; ടെണ്ടറിൽ ക്വാട്ട് ചെയ്ത ഒരു സ്വകാര്യ സ്ഥാപനവുമായി അന്തിമ തീരുമാനം എടുക്കേണ്ടുന്നവർ തന്നെ ചർച്ചയിൽ ഏർപ്പെടുന്നത് നിയമാനുസൃതമായിരുന്നുവോ ;

(ഡി) സർക്കാർ അംഗീകരിച്ച അദാനി പോർട്ട്സിന്റെ ബിഡ് രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ ;

(ഇ) ലോകത്ത് ഒരു സ്ഥലത്തിനുമില്ലാത്ത സവിശേഷത പ്രകൃതിദത്തമായ വിഴിഞ്ഞത്തിനുണ്ടെന്നിരിക്കെ, അദാനിയുടെ ബിഡ്, അവസാനത്തെ നിലപാട് സ്വീകരിച്ചതെന്തുകൊണ്ട് ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) 2010-ലെ വികസന മാതൃകയിൽ ഐ.എഫ്.സി. നിർദ്ദേശിച്ച പ്രകാരം പി.പി.പി. ഘടകങ്ങളോടുകൂടിയ ലാന്റ് ലോർഡ് മാതൃകയിൽ നടന്ന ടെണ്ടർ വിജയകരമാകാത്തതിനെത്തുടർന്ന് കേന്ദ്ര സർക്കാരിന്റെ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് ലഭ്യമാകുന്നതിനുവേണ്ടി പി.പി.പി. ഘടകങ്ങൾ വർദ്ധിപ്പിച്ച് ടെണ്ടർ വിളിക്കുക മാത്രമാണുണ്ടായത്.

(ബി) 2010-ലെ ലാന്റ് ലോർഡ് മാതൃകയിൽ പദ്ധതിയുടെ ഉടമസ്ഥത സർക്കാരിൽ ആയിരുന്നെങ്കിലും 30 കൊല്ലത്തേക്ക് യാതൊരു വരുമാനവും ലാഭവും ഐ.എഫ്.സി. തയ്യാറാക്കി സർക്കാർ അംഗീകരിച്ച റിപ്പോർട്ട് വിഭാവന ചെയ്തിരുന്നില്ല. ഇത് വിപണിയിൽ പരീക്ഷിച്ചപ്പോഴും 30 കൊല്ലം വരുമാനമില്ലാതെ സർക്കാർ ഗ്രാന്റാണ് ക്വാട്ട് ചെയ്ത കമ്പനി ആവശ്യപ്പെട്ടത്. 14-2-2011-ന്

LIBRARY ARCHIVES Kerala Legislative Assembly

എസ്.ബി.ടി.യുമായി ഒപ്പുവച്ചിട്ടുള്ള എം.ഒ.യു. പ്രകാരം പദ്ധതിക്കായി 150 കോടിരൂപ നൽകാമെന്ന് തത്വത്തിൽ അംഗീകരിക്കുകയും കൂടാതെ പദ്ധതിക്കായി സമാഹരിക്കേണ്ട ആകെ തുകയുടെ 'ബാങ്ക് ലോൺ ഘടകം' ഇ.പി.സി. കരാർ ആകുന്നമുറയ്ക്ക് കണ്ടെത്താമെന്നും ധാരണയായി.

(സി) 2010-ൽ ലോക ബാങ്കിന്റെ വിഭാഗമായ ഐ.എഫ്.സി.യുടെ നിർദ്ദേശം അംഗീകരിച്ച് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ടെണ്ടറിൽ പോർട്ട് ഓപ്പറേഷനോടൊപ്പം സൂപ്പർ സ്ട്രക്ച്ചർ, എക്വിപ്മെന്റ് തുടങ്ങിയ പി.പി.പി. ഘടകങ്ങൾകൂടി സ്വകാര്യ മേഖലയെ ഏൽപ്പിക്കുന്നതിനുള്ള വ്യവസ്ഥയാണുള്ളത്. പ്രസ്തുത ടെണ്ടർ വിപണിയിൽ പരീക്ഷിക്കുകയും അതിൽ വിജയം കാണാത്തതിനെത്തുടർന്ന് പി.പി.പി. ഘടകങ്ങൾ വർദ്ധിപ്പിക്കുക മാത്രമാണുണ്ടായത്.

ഇപ്പോഴത്തെ ടെണ്ടറിൽ ബിഡ് രേഖകൾ വിലയ്ക്കുവാങ്ങിയ മൂന്ന് കമ്പനികളും പ്രൈസ് ബിഡ് സമർപ്പിക്കേണ്ട അവസാന ദിവസമായ 2015 ഫെബ്രുവരി 20-ന് ബിഡ് സമർപ്പിക്കാതിരുന്നതിനാൽ വിഴിഞ്ഞം തുറമുഖ കമ്പനിയുടെ ഡയറക്ടർ ബോർഡ് അടിയന്തരയോഗം ഫെബ്രുവരി 24-ന് കൂടുകയുണ്ടായി. പ്രസ്തുത യോഗം മുഖ്യമന്ത്രിയെ ഈ മൂന്ന് ബിഡ്ഡറുമായി സംസാരിക്കാൻ ചുമതലപ്പെടുത്തി. അപ്രകാരം 3 കമ്പനികളുമായി ഫോണിൽ സംസാരിച്ചു. കമ്പനികളോട് ബിഡ്ഡിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുകയും ബിഡ്ഡിൽ വിജയിക്കുന്നവർക്ക് സംസ്ഥാന സർക്കാരിന്റെ എല്ലാ പിന്തുണയും ഉണ്ടാകുമെന്നും അറിയിക്കുകയാണ് മുഖ്യമന്ത്രി ചെയ്തത്. ബിഡ്ഡിൽ പങ്കെടുക്കുന്നതിനുള്ള വിശ്വാസം അവരിൽ ജനിപ്പിക്കുക മാത്രമായിരുന്നു ഉദ്ദേശം. കൂടാതെ നേരിട്ട് കാണാമെന്ന് അദാനി പോർട്ട്സ് & സ്പെഷ്യൽ ഇക്കണോമിക് സോൺ ലിമിറ്റഡിന്റെ ചെയർമാൻ ഫോണിൽ അറിയിച്ചിരുന്നു. ഇതിന്റെ തുടർച്ചയായിട്ടാണ് ഡൽഹിയിൽ കൂടിക്കാഴ്ച നടത്തിയത്.

ടെണ്ടറിൽ ബിഡ് സമർപ്പിക്കുന്നതിനുമുമ്പ് നടന്ന കൂടിക്കാഴ്ചയിൽ ടെണ്ടർ വ്യവസ്ഥകളെ സംബന്ധിച്ച് യാതൊരു ചർച്ചയും നടന്നിട്ടില്ല. ഈ ചർച്ചകളിൽ മുഖ്യമന്ത്രിയോടൊപ്പം തുറമുഖ വകുപ്പുമന്ത്രി, പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ, ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി (തുറമുഖം), ഡൽഹി റസിഡന്റ് കമ്മീഷണർ, തുറമുഖ കമ്പനി മാനേജിംഗ് ഡയറക്ടർ, തുറമുഖ കമ്പനി പ്രോജക്ട് മാനേജർ എന്നിവരും ഉണ്ടായിരുന്നു. ടെണ്ടറിൽ പങ്കെടുക്കുന്ന നിക്ഷേപകരിൽ പദ്ധതിയിലും സംസ്ഥാനത്തിലും താൽപ്പര്യം ജനിപ്പിക്കുവാൻ തുറമുഖ കമ്പനിയുടെ ചെയർമാൻ കൂടിയായ മുഖ്യമന്ത്രി സംസാരിക്കുന്നതിന് നിയമ തടസ്സമില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അദാനി പോർട്ട്സ് സമർപ്പിച്ച ബിഡ് രേഖ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഇ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയെ സംബന്ധിച്ച് 1995-ൽ തുറമുഖത്തിന്റെ നിർമ്മാണത്തിനുവേണ്ടി ഒരു സ്വകാര്യ പങ്കാളിയുമായി ധാരണാപത്രം ഒപ്പിട്ടു. എന്നാൽ അത് വിജയം കണ്ടില്ല. അതിനുശേഷം 2005, 2007, 2010 എന്നീ വർഷങ്ങളിൽ ഓരോരോ ടെണ്ടറുകൾ പുറപ്പെടുവിച്ചുവെങ്കിലും ഈ 3 ടെണ്ടറുകളും വിജയം കണ്ടില്ല. ഇതിന്റെ പശ്ചാത്തലത്തിൽ നാലാമത്തെ ടെണ്ടർ ഏക ബിഡ് ആയത് എംപവേർഡ് കമ്മിറ്റിയും ഡയറക്ടർ ബോർഡും വിലയിരുത്തുകയും അംഗീകരിക്കുവാൻ സർക്കാരിനോട് ശിപാർശ ചെയ്യുകയും പ്രസ്തുത ശിപാർശയുടെ എല്ലാ വശങ്ങളും പരിശോധിച്ചതിനുശേഷമാണ് സ്വീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

എക്സൈസ് വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം

17 (*317) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പ് കമ്പ്യൂട്ടർവൽക്കരിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) എക്സൈസ് ഹെഡ്ക്വാർട്ടേഴ്സിന് റെയ്ഞ്ച് ഡിവിഷൻ ഓഫീസുകളുമായി നേരിട്ട് ബന്ധപ്പെടുന്നതിന് പുതിയ കമ്പ്യൂട്ടർ നെറ്റ് വർക്ക് സ്ഥാപിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) എക്സൈസ് സംബന്ധമായ ഇടപാടുകൾ പൂർണ്ണമായും ഓൺലൈൻ വഴിയാക്കുവാൻ നടപടി സ്വീകരിക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) എക്സൈസ് വകുപ്പിലെ എല്ലാ ഓഫീസുകളിലും കമ്പ്യൂട്ടർ നൽകുകയും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly